**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലജീവൻ മിഷന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ആണ് നിലവിലുണ്ടായിരുന്നത് (25.03 %). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്നതോടെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പിറവം മണ്ഡലത്തിലെ പ്രസ്തുത മിഷന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; ഈ മണ്ഡലത്തിൽ ഇതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഇനി എത്ര കണക്ഷനുകൾ നൽകുവാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പിറവം മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പിറവം മണ്ഡലത്തിലെ ജലജീവൻ മിഷന്റെ അടിയന്തര പൂർത്തീകരണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരണത്തിനായി നിർമ്മാണത്തിനാവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്തിയും വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത്, പൊതുമരാമത്ത് റോഡ് മുറിക്കുന്നതിനുള്ള അനുമതി എത്രയും വേഗം നേടിയെടുക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. അനുമതി ലഭിച്ച എല്ലാ റോഡുകളിലും പൈപ്പുകൾ എത്രയും പെട്ടെന്ന് സ്ഥാപിച്ച് ബാക്കിയുള്ള കണക്ഷനുകൾ പൂർത്തിയാക്കാൻ കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി എല്ലാ ആഴ്ചകളിലും കേന്ദ്ര കാര്യാലയത്തിൽ നിന്നും മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|
| ആമ്പല്ലൂർ | 7417 | 3235 | 1657 | 4892 | 4222 | 2525 |
| ചോറ്റാനിക്കര | 8728 | 1900 | 1626 | 3526 | 9188 | 5202 |
| എടയക്കാട്ടുവയൽ | 6149 | 2385 | 1144 | 3529 | 3764 | 2620 |
| ഇലഞ്ഞി | 4406 | 1820 | 778 | 2598 | 2579 | 1808 |
| മണീട് | 5144 | 2351 | 855 | 3206 | 3551 | 1938 |
| മുളന്തുരുത്തി | 7460 | 3232 | 1519 | 4751 | 4828 | 2709 |
| പാമ്പാക്കുട | 5194 | 2269 | 775 | 3044 | 2925 | 2150 |
| രാമമംഗലം | 4171 | 1777 | 772 | 2549 | 2394 | 1622 |
| തിരുമാറാടി | 5093 | 1363 | 1067 | 2430 | 3714 | 2663 |
| ആകെ | 53762 | 20332 | 10193 | 30525 | 37165 | 23237 |